II ഇ.ബി.XIV-കേരള നിയമസഭ/X-10

# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 13, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

26 (*271) കുടുംബശ്രീയുടെ ശാക്തീകരണവും പ്രവർത്തനങ്ങളും

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, ദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീ ശാക്തീകരണം എന്നിവ ലക്ഷ്യമാക്കി 1998-ൽ പ്രവർത്തനം ആരംഭിച്ച കുടുംബശ്രീയെ കൂടുതൽ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 20 ഇന പരിപാടി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്നും 2018-19 സാമ്പത്തിക വർഷം ധാരാളം നവീന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണെന്നും സഭയെ അറിയിച്ചു. ദേശീയ ഉപജീവന മിഷന്റെ പദ്ധതികൾ നടപ്പിലാക്കാനായി 2012-13 ലാണ് കുടുംബശ്രീയെ നിർവ്വഹണ ഏജൻസിയായി നിയമിച്ചത്. 2013-14-ൽ കുടുംബശ്രീ മുഖേന നാഷണൽ റൂറൽ ലൈവ്ലീഹുഡ് മിഷൻ പദ്ധതി

ആരംഭിച്ചു. പാവപ്പെട്ട സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ട നടപടികളാണ് ഈ പദ്ധതിയിലൂടെ കുടുംബശ്രീ നടപ്പാക്കുന്നത്. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കുമായി 4 ശതമാനം പലിശയ്ക്ക് യഥാക്രമം 10 ലക്ഷം രൂപയും 25 ലക്ഷം രൂപയും വായ്പയായി അനുവദിക്കുന്നുണ്ട്. എം.കെ.എസ്.പി. (മഹിള കിസാൻ ശാക്തീകരൻ പരിയോജന) പദ്ധതിയിലൂടെ നിരവധി സ്ത്രീ കർഷകരെ കാർഷിക മേഖലയിലേയ്ക്ക് എത്തിക്കാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ടെന്നും കർഷകർക്ക് സാങ്കേതിക പരിശീലനം നൽകുന്നതിനായി സ്ത്രീകൾ ഉൾക്കൊള്ളുന്ന 'ജീവാ ഗ്രൂപ്പ്' രൂപീകരിച്ചിട്ടുണ്ടെന്നും ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് 550 ആഴ്ച ചന്തകൾ സംഘടിപ്പിക്കുന്നുണ്ടെന്നും 2018-19 സാമ്പത്തിക വർഷം 3.5 ലക്ഷം സ്ത്രീകൾക്ക് വരുമാന വർദ്ധനവിന് ഉതകുന്ന വിപുലമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കുടുംബശ്രീയുടെ വിവിധ സംരംഭങ്ങളിലൂടെ 4 ലക്ഷത്തോളം ആളുകൾക്ക് ഉപജീവനമാർഗ്ഗം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. 'കഫേ കുടുംബശ്രീ' സംസ്ഥാന വ്യാപകമായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആദിവാസി മേഖലകളിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു കുടുംബത്തിലെ വിദ്യാസമ്പന്നയായ, പുതിയ തലമുറയിൽപ്പെട്ട, ഒരാൾക്കുകൂടി അംഗത്വം നൽകണമെന്ന് തീരുമാനമെടുത്തിട്ടുണ്ടെന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്കായി

200 പുതിയ ബഡ്സ് സ്കൂളുകളും ശിശുക്ഷേമത്തിനായി നൂതന പദ്ധതികളും ആവിഷ്കരിക്കുന്നതാണെന്നും കുടുംബശ്രീ കലോൽത്സവങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

27 (*272) നെൽ കർഷകർക്ക് ധനസഹായം

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, കേരളത്തിന്റെ പരിസ്ഥിതിയും വിവിധ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയും സംരക്ഷിക്കുന്നതിനും ഭൂഗർഭജലത്തിന്റെ തോത് കുറയാതെ നിലനിർത്തുന്നതിനുമുള്ള നെൽവയലുകളുടെ പ്രാധാന്യം കണക്കിലെടുത്ത് നിലം ഉടമസ്ഥന് ഹെക്ടർ ഒന്നിന് 2500/- രൂപ നിരക്കിൽ റോയൽറ്റി നൽകുക എന്നതാണ് സർക്കാരിന്റെ നയമെന്ന് സഭയെ അറിയിച്ചു. 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറിന് 5500/- രൂപ നിരക്കിൽ നൽകുന്നതിനായി 60 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തുകൾ വഴി 30,000 രൂപ ഉഴവുകൂലി നൽകുന്നുണ്ട്. നെല്ല് സംഭരണത്തിലെ അപാകതകൾമൂലം നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരം സംഭരിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മയുള്ളതായിരിക്കണം. കർഷകർ

ഗുണമേന്മയുള്ള നെല്ല് കൈമാറുന്നപക്ഷം സംഭരണം സുഗമമായി നടത്താൻ സാധിക്കും. 2017-18-ൽ നെല്ല് സംഭരണത്തിനായി 50 മില്ലുകളുമായി സപ്ലൈകോ കരാറിലേർപ്പെട്ടിട്ടുണ്ടെന്നും സംഭരണ വില കാലതാമസമില്ലാതെ നൽകുന്നതിനായി 15 ബാങ്കുകളുടെ കൺസോർഷ്യത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നും കർഷകരും മില്ലുടമകളുമായുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് പ്രാദേശിക തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും കിലോഗ്രാമിന് 23.30 രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. നെൽവയൽ നികത്തുന്നത് 3 വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന, ജാമ്യമില്ലാത്ത ക്രിമിനൽ കുറ്റമാക്കി നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. മിനിമം സപ്പോർട്ട് പ്രൈസ് 26.37 രൂപയായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 'കാർഷിക കർമ്മസേന'കൾ രൂപീകരിച്ചുകൊണ്ടിരിക്കുകയാണെന്നും ഇവയുടെ ഏകോപനത്തിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടെന്നും ഇതിലൂടെ കർഷകർക്ക് യന്ത്രവൽകൃത കൃഷി നടത്താനും വിദഗ്ധരായ തൊഴിലാളികളെ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാനുമുള്ള സംവിധാനമാണ് നടപ്പിലാക്കുന്നതെന്നും വിത്ത് മുതൽ വിപണി വരെയുള്ള കാര്യങ്ങളിൽ സൂക്ഷ്മതലത്തിലുള്ള ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. ഹാന്റ്ലിംഗ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും വയനാട്

ജില്ലയിലെ ആദിവാസി മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ലഭ്യമാക്കി പരമ്പരാഗത നെല്ലിനങ്ങൾ സംഭരിച്ച് അരിയാക്കി വിപണനം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ആലത്തൂരിൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ നെല്ല് സംഭരണ കേന്ദ്രം ആരംഭിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

28 (*273) <u>സമഗ്ര ജൈവകൃഷി പദ്ധതി</u>

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജൈവകൃഷി വ്യാപനവും പ്രോത്സാഹനവും ലക്ഷ്യമാക്കി സംസ്ഥാനത്ത് ജൈവകൃഷി നയം ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നുണ്ടെന്നും 2017-18 സാമ്പത്തിക വർഷം സമഗ്ര ജൈവ കൃഷിക്കായി 1000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്നും ഇതിന് കർഷകരിൽ നിന്നും അനുകൂല പ്രതികരണമാണുള്ളതെന്നും സഭയെ അറിയിച്ചു. ജൈവകൃഷി ശാസ്ത്രീയമായി സംഘടിപ്പിക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിയിടത്തിൽത്തന്നെ ആവശ്യമായ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനും ഊന്നൽ നൽകുന്നുണ്ട്. വി.എഫ്.പി.സി.കെ. ആസ്ഥാനത്ത് ജൈവവള ഉൽപ്പാദന യൂണിറ്റ് ആരംഭിച്ച് സസ്യ സംരക്ഷണ ഉൽപ്പാദനോപാധികൾ മിതമായ നിരക്കിൽ വിപണിയിൽ ലഭ്യമാക്കിയിട്ടുണ്ട്. കാർഷിക കൂട്ടായ്മയിലൂടെ വിഷരഹിത പച്ചക്കറികൾ ഉൽപ്പാദിപ്പിച്ച് അവയുടെ

സംഭരണം, വിപണനം എന്നിവ ഫലപ്രദമാക്കി മികച്ച വരുമാനം കർഷകർക്ക് ഉറപ്പുവരുത്തുന്നുണ്ട്. ഗുഡ് അഗ്രിക്കൾച്ചർ പ്രാക്ടീസിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ' കേരള ഓർഗാനിക് ' എന്ന ബ്രാന്റ് നെയിം നൽകി സർക്കാരിന്റെ ഇക്കോ ഷോപ്പുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. നിലവിൽ 500 ഇക്കോ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും നടപ്പു സാമ്പത്തിക വർഷം 150 ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുമെന്നും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് ഉല്പന്നങ്ങൾ വിൽപ്പന നടത്തുന്ന ക്ലസ്റ്ററുകൾക്ക് ധനസഹായം അനുവദിക്കുമെന്നും കുടുംബശ്രീയുമായി ചേർന്ന് തുടങ്ങിയ ഗ്രാമീണചന്തകളിൽ കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് എന്ന കൃഷി രീതി പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഓർഗാനിക് സർട്ടിഫിക്കേഷനായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ മുഖാന്തരം ഇവ കയറ്റുമതി ചെയ്യുന്നതിനുള്ള സംവിധാനങ്ങളുണ്ട്. വി.എഫ്.പി.സി.കെ.യുടെയും എസ്.എച്ച്.എം.ന്റെയും നേതൃത്വത്തിലുള്ള ക്ലസ്റ്ററുകൾ വഴി ജൈവ കൃഷി വ്യാപനത്തിന് ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും സർക്കാരിന്റെ കീഴിൽ മണ്ണുത്തിയിലുള്ള ബയോ കൺട്രോൾ ലാബ് മുഖാന്തരം

ജൈവ കീടനാശിനികളുടെ ഉൽപ്പാദനം നടത്തുന്നുണ്ടെന്നും വി.എഫ്.പി.സി.കെ., കേരളശ്രീ ഹൈപ്പർ മാർക്കറ്റ്, കൃഷി ഭവൻ എന്നിവ വഴി ഇവ കർഷകരിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഓരോ പ്രദേശത്തേയും മണ്ണിലുണ്ടാകുന്ന സൂക്ഷ്മ മൂലകങ്ങളുടെ വ്യതിയാനം സംബന്ധിച്ച സർവ്വേയുടെ അടിസ്ഥാനത്തിലുള്ള സോയിൽ ഹെൽത്ത് കാർഡുകൾ കൃഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. കൃഷിനാശം നേരിടുന്നതിന് 26 ഇനം വിളകൾക്ക് സ്റ്റേറ്റ് വിള ഇൻഷ്വറൻസ് സ്കീം നടപ്പാക്കിയിട്ടുണ്ടെന്നും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 'വിത്ത് ബാങ്ക്-ഉം 'ജീൻ ബാങ്ക്-ഉം സ്ഥാപിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കോട്ടയത്ത് നെല്ല് സംഭരണവുമായി ബന്ധപ്പെട്ടുണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ടെന്നും ഗുണമേന്മയുള്ള നെല്ല് സംഭരിക്കുന്നതിന് കൃഷിക്കാരുടെ ഭാഗത്തുനിന്നും സഹകരണമുണ്ടാകണമെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2835 മുതൽ 3122 വരെയുള്ള ചോദ്യങ്ങളിൽ 68 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)